## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4328** **25.06.2019-ൽ മറുപടിയ്ക്ക്**

## പ്രവൃത്തികൾക്ക് കാലപരിധി നിശ്ചയിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.ജെ. മാക്സി** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) പൊതുമരാമത്ത് പ്രവൃത്തികൾക്ക് കാലപരിധി നിശ്ചയിക്കുന്നതിന് ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് പ്രവൃത്തികൾക്ക് കാലപരിധി നിശ്ചയിക്കുന്നത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തിയുടെ സ്വഭാവം, പദ്ധതിയുടെ അടിയന്തിര പ്രാധാന്യം, സ്റ്റാന്റേർഡ് ബിഡ് ഡോക്യുമെന്റ്, പി.ഡബ്ല്യൂ.ഡി മാന്വൽ എന്നിവയെല്ലാം പരിഗണിച്ചാണ്. G.O.(M.S) No. 73/2013/PWD, തീയതി 31/08/2013 എന്ന സർക്കാർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് DLP നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) നിശ്ചിത കാലപരിധിക്കുള്ളിൽ തകരാറിലായാൽ, ബന്ധപ്പെട്ട പ്രവൃത്തി നടത്തിയവരെയും നേതൃത്വം നൽകിയ ഉദ്യോസ്ഥരെയും കണ്ടെത്തി ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതിനും അവയുടെ പുനർനിർമ്മാണത്തിനും എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ; | (ബി) | ഒരു പദ്ധതി ഡിഫക്ട് ലയബിലിറ്റി പീരിയഡിനുള്ളിൽ തകരാറിലായാൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പരിഹരിക്കുന്നതാണ്. കൂടാതെ ബന്ധപ്പെട്ട പ്രവൃത്തി നടത്തിയ കരാറുകാരനെയും നേതൃത്വം നൽകിയ ഉദ്യോഗസ്ഥരെയും കണ്ടെത്തി പി.ഡബ്ല്യൂ.ഡി.മാന്വൽ പ്രകാരം ശിക്ഷാനടപടികൾ കൈക്കൊള്ളാറുണ്ട്. |
| (സി) പ്രവൃത്തി നടത്തിപ്പിൽ ഗുരുതര ക്രമക്കേട് നടത്തിയ എത്ര കോൺട്രാക്ടർമാർക്കെതിരെ ഈ സർക്കാരിന്റെ കാലത്ത് നടപടി സ്വീകരിച്ചു; എപ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചത്; അവർ | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | ആരെല്ലാം; വിശദാംശം വ്യക്തമാക്കുമോ; | | |
| (ഡി) | ക്രമക്കേടിന് കൂട്ടുനിന്ന എത്ര ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാരിന്റെ കാലത്ത് നടപടി സ്വീകരിച്ചു; എപ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചത്; അവർ ആരെല്ലാം; വിശദാംശം നൽകുമോ? | (ഡി) | ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ദേശീയപാതാ വിഭാഗം**

പ്രവൃത്തി നടത്തിപ്പിൽ ഗുരുതര ക്രമക്കേട് നടത്തിയതിന് M/s Concord Construstions, Kallatra compound , Railway station Road, Kanhangad, Kerala യെ 2016 ഡിസംബർ മാസം കരിമ്പട്ടികയിൽപ്പെടുത്തുകയും ലൈസൻസ് റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**നിരത്ത് വിഭാഗം**

**ദക്ഷിണ മേഖല**

പ്രവൃത്തികൾ തടസ്സപ്പെടുത്തിയതിന് താഴെപ്പറയുന്ന കരാറുകാരുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു.

1. അജിത് പ്രസാദ്.കെ
2. അജയകുമാർ
3. അശോകൻ
4. പ്രദീപ്

സമയ ബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ താഴെപ്പറയുന്ന കരാറുകാരെ പ്രസ്തുത പ്രവൃത്തിയിൽ നിന്നും നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കി.

1. ശ്യാംരാജു.
2. ജോർജ്ജ് എം.ഫിലിപ്പ്
3. രാധാകൃഷ്ണൻ
4. M/s കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

പ്രവൃത്തി ഏറ്റെടുത്തിട്ട് നിശ്ചിത സമയത്ത് കരാർ ഒപ്പ് വെയ്ക്കാത്തതിനാൽ താഴെപ്പറയുന്ന കരാറുകാരുടെ ഇ.എം.ഡി. സർക്കാരിലേക്ക് കണ്ടുകെട്ടുകയും കോൺട്രാക്റ്റ് കണ്ടീഷൻ 3.6.6 അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

1. ഫെറൂഖ് കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ്
2. കെ. വിജയൻ
3. പത്മകുമാർ
4. അനസ് എം.എം.

**ഉത്തരമേഖല**

ഫേം പീരിഡിനുള്ളിൽ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാൽ താഴെപ്പറയുന്ന രണ്ട് കരാറുകാരുടെ ഇ.എം.ഡി. സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയിട്ടുണ്ട്.

1. കെ.വി.സിദ്ദീഖ്
2. ടി.എം.അബ്ദുൾ ഹമീദ്ഖാൻ

**മദ്ധ്യ മേഖല**

പ്രവൃത്തി ഏറ്റെടുത്ത് ജോലികൾ യഥാസമയം പൂർത്തിയാക്കാതെ ഉപേക്ഷിച്ചതിന്റെ പേരിൽ ശ്രീ.കെ.സി.ആന്റെണി എന്ന കരാറുകാരനെ കരിമ്പട്ടികയിൽ പെടുത്തിയിട്ടുണ്ട്. സെലക്ഷൻ നോട്ടീസ് നൽകിയിട്ട് പ്രവൃത്തി ഏറ്റെടുക്കാതിരുന്നതിന് താഴെപ്പറയുന്ന 7 കരാറുകാരുടെ ഇ.എം.ഡി. കണ്ടുകെട്ടിയിട്ടുണ്ട്.

1. ജിൽമോൻ ജോൺ
2. കൊച്ചിൻ സ്കാഫോൾഡിംങ് പ്രൈവറ്റ് ലിമിറ്റഡ്
3. എൻ.പി.മുഹമ്മദ് മോൻ
4. ഒജാസ്‌വിസ് കൺസ്ട്രക്ഷൻസ്

5. പി.കെ.ജേക്കബ്
6. ജോസ് പോൾ
7. അബ്ദുൾ ഖാദർ

ഇതു കൂടാതെ  താഴെപ്പറയുന്ന കരാറുകാർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്.

1. രാജൻ.എം.മേനോൻ, സെയിഫ് ലെയിൻ ഇലക്ട്രിക്കൽ എഞ്ചിനീയേഴ്സ് ,പാലക്കാട് (ലൈസൻസ് 5 വർഷത്തേക്ക് മരവിപ്പിച്ചു).
2. ശ്രീ.ബ്ലസ്സൻ ജോർജ്, സിയോൺ ഹൗസ്, തിരുവല്ല (ലൈസൻസ് റദ്ദ് ചെയ്ത് കരിമ്പട്ടികയിൽ ഉൾപ്പെടുത്തി).
3. ശ്രീ. റ്റി.ആർ. രഘു, വലിയപറമ്പിൽ ഹൗസ്,കൊച്ചി.( പ്രവൃത്തിയിൽ സംഭവിച്ച നഷ്ടം ടിയാന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും  ഈടാക്കാനുള്ള നടപടികൾ നടന്നു വരുന്നു)
4. ശ്രീ. സുകുമാരൻ, അശ്വതി കൺസ്ട്രക്ഷൻസ് ,തിരുവനന്തപുരം.(പ്രവൃത്തിയിൽ സംഭവിച്ച നഷ്ടം ടിയാനിൽ നിന്ന് ഈടാക്കാനുള്ള നടപടികൾ നടന്നു വരുന്നു ).

സെക്ഷൻ ഓഫീസർ